# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം ഏഴാം ഞായർ

**ലൂക്കാ 18,1-14**

***നീതിരഹിതനും അഴിമതിയിൽ അഗ്രഗണ്യനുമായ ന്യായാധിപനെ വിധവ തോൽപ്പിച്ചത് മടുപ്പില്ലാത്ത സ്ഥിരോത്സാഹത്താലാണ്. അങ്ങനെയെങ്കിൽ, മടുപ്പില്ലാതെ പ്രാർത്ഥിക്കുന്നവർക്ക് എത്ര വലിയ അനുഗ്രഹങ്ങൾ സ്വന്തമാക്കാം...***

"ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും.
അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും.
മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും."
(ലൂക്കാ 11,9)

*ഭഗ്നാശരാകാതെ എപ്പോഴും പ്രാർഥിക്കണം എന്ന് പഠിപ്പിക്കാൻ കർത്താവ് പറഞ്ഞ ഉപമ; "ന്യായാധിപനും വിധവയും." ചുരുക്കത്തിൽ, പ്രാർത്ഥനയ്ക്ക് ഇടമില്ലാത്ത നിമിഷങ്ങൾ ഉണ്ടാകരുതെന്ന്!*

ഈ ലോകത്തിലെ ഏറ്റവും ശക്തിയേറിയ ആയുധം ക്ഷമയാണെങ്കിൽ അനുഗ്രഹങ്ങൾ സ്വന്തമാക്കാനുള്ള ഏറ്റവും ശക്തിയേറിയ ആയുധം "പ്രാർത്ഥന" തന്നെയാണ്. പ്രാർത്ഥനയിൽ സ്ഥിരോത്സാഹം പ്രകടിപ്പിക്കുന്നവർ ഭഗ്നാശരാകാതെ എപ്പോഴും പ്രാർഥിക്കുന്നവർ വലിയ ദൈവാനുഗ്രഹത്തിന് കാരണമാകും. ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യാത്ത ന്യായാധിപനായിരുന്നു ആ പട്ടണത്തിന്റെ അധികാരി. അതുകൊണ്ട് തന്നെ ന്യായവും വിധിയുമെല്ലാം ആ ന്യായാധിപന് തോന്നുന്ന വിധത്തിലായിരുന്നു. ആ പട്ടണത്തിൽ ന്യായത്തിനുവേണ്ടി കൊതിക്കുന്ന ഒരുപാട് പേരുണ്ട്. അവരുടെ പ്രതിനിധിയാണ് വിധവ.

വിധവ വന്ന് ന്യായാധിപനോട്, എതിരാളിക്കെതിരേ തനിക്കു നീതി നടത്തിത്തരണമേ എന്നപേക്ഷിക്കുമായിരുന്നു. ഇത് ഒന്നല്ല, ഒരായിരം വട്ടം സംഭവിച്ചിരിക്കണം. കാരണം, വചനം പറയുന്നത് ഇപ്രകാരമാണ്; "കുറേ നാളത്തേക്ക് അവൻ അതു ഗൗനിച്ചില്ല" (ലൂക്കാ 18,4). വിധവ വന്ന് ന്യായാധിപനോട് പറയുന്നത് തനിക്ക് നീതി നടത്തിത്തരണമേ എന്നാണ്. മറ്റുള്ളവരുടെ ഔദാര്യമല്ല അവൾ യാചിക്കുന്നത്. മറിച്ച്, തനിക്ക് അർഹതപ്പെട്ട നീതി തനിക്ക് അനുവദിക്കണം എന്നാണ്. അവളുടെ സ്ഥിരോത്സാഹത്തിൽ ആ ന്യായാധിപൻ തന്റെ തെറ്റ് തിരിച്ചറിയുകയാണ്.

പിന്നീട്, വചനം പറയുന്നത് ഇപ്രകാരമാണ്; "അവൻ ഇങ്ങനെ ചിന്തിച്ചു: ഞാൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യുന്നില്ല. എങ്കിലും ഈ വിധവ എന്നെ ശല്യപ്പെടുത്തുന്നതുകൊണ്ടു ഞാനവൾക്കു നീതിനടത്തിക്കൊടുക്കും. അല്ലെങ്കിൽ, അവൾ കൂടെക്കൂടെ വന്ന് എന്നെ അസഹ്യപ്പെടുത്തും" (ലൂക്കാ 18,5). വചനഭാഗത്തലേയ്ക്ക് കണ്ണോടിക്കുക; ആ ന്യായാധിപൻ തന്നെതന്നെ വിശേഷിപ്പിക്കുന്നത് "ഞാൻ ദൈവത്തെ ഭയപ്പെടുകയോ മനുഷ്യരെ മാനിക്കുകയോ ചെയ്യുന്നില്ല..." എന്നാണ്. അങ്ങനെയുള്ള ന്യാധാധിപൻപോലും വിധവയുടെ സ്ഥിരോത്സാഹത്തിന് മുമ്പിൽ തോറ്റു പോകുന്നു. ആ വിധവയ്ക്ക് അർഹതപ്പെട്ട നീതി അവൾക്ക് അനുവദിക്കുന്നു. ഈ സംഭവത്തെ ഉദ്ധരിച്ചിട്ട് കർത്താവ് പറയുകയാണ്, ഈ നീതിരഹിതനായ ന്യായാധിപൻ ഇപ്രകാരം പെരുമാറുന്നുണ്ടെങ്കിൽ, "രാവും പകലും തന്നെ വിളിച്ചു കരയുന്നതന്റെ തെരഞ്ഞെടുക്കപ്പെട്ട വർക്കു ദൈവം നീതി

നടത്തിക്കൊടുക്കുകയില്ലേ? അവിടുന്ന് അതിനു കാലവിളംബം വരുത്തുമോ? അവർക്കു വേഗം നീതി നടത്തിക്കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു” (ലൂക്കാ 18,8). ഇത് എത്രയോ സത്യമാണ്. പ്രാർത്ഥനയുടെ ശക്തി അൽഭുതകരമാണ്. അത് നീതി രഹിതനെ നീതിയിലൂടെ നടത്തുവാൻ സഹായിക്കുന്നതാണ്. ബലിയോടൊപ്പം ബലിജീവിതം നടത്താൻ സഹായിക്കുന്നതാണ്.

മോണിക്കപുണ്ണ്യവതിയുടെയും മകൻ വി.അസ്തിനോസിന്റെയും ജീവിതത്തിലേയ്ക്ക് നോക്കുക. വി.അബ്രോസ്മെത്രാന്റെ അടുത്ത് തന്റെ മകന്റെ കുറവുകൾ നിരത്തുമ്പോൾ മോണിക്കപുണ്ണ്യവതിയുടെ അടുത്ത് അദ്ദേഹത്തിന് പറയാനുണ്ടായിരുന്നത് പ്രാർത്ഥിക്കുക എന്നത് മാത്രമാണ്. ‘‘നീ നിരന്തരം കണ്ണുനീരോടുകൂടെ പ്രാർത്ഥിക്കുക... ദൈവം അവനെ (അഗസ്റ്റിൻ) വഴി നടത്തിക്കൊളും.’’ വി.അബ്രോസിന്റെ വാക്കുകളെ അനുദാവനം ചെയ്ത മോണിക്കപുണ്ണ്യവതി തന്റെ മകന്റെ മാനസാന്തരത്തിന് വേണ്ടി കണ്ണുനീരോടെ പ്രാർത്ഥിച്ചത് 33 വർഷങ്ങളാണ്. അവസാനം, കണ്ണുനീരിന്റെ പുത്രൻ, അഗസ്റ്റിൽ ലോകം കണ്ടിട്ടുള്ളതിൽ വച്ച് വലിയ വിശുദ്ധനായി. ദൈവശാസ്ത്രജ്ഞൻമാരുടെ നേതാവായി തിരുസഭ ഇന്നും വി. അഗസ്റ്റിനെ വണങ്ങുന്നു. പ്രാർത്ഥനയ്ക്ക് ഇന്നല്ലെങ്കിൽ നാളെ ഉത്തരം ലഭിച്ചിരിക്കും. ചെയ്യേണ്ടത് ഇത്രമാത്രം, “പ്രാർത്ഥനയിൽ സ്ഥിരോത്സാഹം പ്രകടിപ്പിക്കുക... ഭഗ്നാശരാകാതെ ദൈവത്തോട് കൂടെയാവുക.... എപ്പോഴും പ്രാർഥിക്കുക....”

വിധവ പ്രാർത്ഥിക്കുന്നത്;
“തനിക്ക് നീതി
നടത്തി തരണമേ
എന്നാണ്”
മറ്റുള്ളവരുടെ ഔദാര്യമല്ല.
മറിച്ച്,
തന്റെ അവകാശമാണ്
തനിക്ക് വേണ്ടത്!

പ്രാർത്ഥനയുടെ ശക്തിയെ കുറിച്ച് കർത്താവിന്റെ പഠനങ്ങളെ വി.മത്തായി തന്റെ സുവിശേഷത്തിൽ കുറിച്ച് വച്ചിട്ടുണ്ട്. ക്രിസ്തു തന്റെ വചനങ്ങൾ കേൾക്കാൻ വന്നവരോട് പറയുകയാണ്; നിങ്ങളുടെ സ്നേഹിതൻ അർധരാത്രി നിങ്ങളുടെ അടുത്തുവന്ന് പറയുന്നു; “സ്നേഹിതാ, എനിക്കു മൂന്ന് അപ്പം വായ്പ തരുക. ഒരു സ്നേഹിതൻയാത്രാ മധ്യേ എന്റെ അടുക്കൽ വന്നിരിക്കുന്നു. അവനു കൊടുക്കാൻ എനിക്കൊന്നുമില്ല.”

അപ്പോൾ, നിങ്ങൾ അകത്തുനിന്നു മറുപടി പറയുന്നു: “ദയവുചെയ്ത് എന്നെ ഉപദ്രവിക്കരുത്. കതകടച്ചു കഴിഞ്ഞു. എന്റെ കുഞ്ഞുങ്ങളും എന്റെ കൂടെ കിടക്കയിലാണ്. എഴുന്നേറ്റ് നിനക്ക് ഒന്നും തരാൻ സാധിക്കുകയില്ല.”

പക്ഷെ, തുടർന്ന് ക്രിസ്തു പറയുന്നു, “അവൻ സ്നേഹിതനാണ് എന്നതിന്റെ പേരിൽ അവന് ഒന്നും കൊടുക്കുകയില്ലെങ്കിൽത്തന്നെ നിർബന്ധം നിമിത്തം എഴുന്നേറ്റ് അവന് വേണ്ടതു നൽകും.”

പിന്നീട്, ക്രിസ്തു പ്രാർത്ഥനയെ കുറിച്ച് പറയുകയാണ്; ‘‘ചോദിക്കുവിൻ; നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ; നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ; നിങ്ങൾക്കു തുറന്നുകിട്ടും. എന്തെന്നാൽ ചോദിക്കുന്ന ഏവനും ലഭിക്കുന്നു. അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവനു തുറന്നുകിട്ടുകയും ചെയ്യുന്നു” (ലൂക്കാ 11.9 –10).

ഇത് എത്രയോ സത്യമാണ്; ചോദിക്കുന്നവനാണ് ലഭിക്കുന്നത്; അന്വേഷിക്കുന്നവനാണ് കണ്ടെത്തുന്നത്; മുട്ടുന്നവനാണ് തുറന്ന് കിട്ടുന്നത്. അങ്ങനെയെങ്കിൽ പ്രാർത്ഥനയെന്ന വലിയ ആയുധം ധരിക്കാൻ നമ്മുക്ക് സാധിക്കണം. മടിയൻ മല ചുമക്കുമ്പോൾ സ്ഥിരോത്സാഹിയാണ് വിജയങ്ങൾ വെട്ടിപ്പിടിക്കുന്നത്.

തന്റെ ക്ലാസ്സിലെ ഏറ്റവും സ്മാർട്ട് ആയ അവനോട് മാഷ് ചോദിച്ചു തന്റെ റോൾ മോഡൽ ആരാണെന്നു? എല്ലാവരും ഗാന്ധിജിയെയും അംബെദ്കരിനെയും അബ്ദുൽ കലാമിനെയും പറഞ്ഞപ്പോൾ അവൻ മാത്രം പറഞ്ഞു ‘‘എന്റെ റോൾ മോഡൽ എന്റച്ഛനാണെന്നു.”

മറ്റുള്ളവരെയൊക്കെ അഭിനന്ദിച്ച മാഷിന് ആ പറഞ്ഞതിന്റെ മഹത്വം മനസ്സിലാക്കാൻ സാധിച്ചില്ല. പിന്നീട് ഒരു ദിവസം രജിസ്റ്റർ എടുത്തു നോക്കിയപ്പോഴാണ് അത് ശ്രദ്ധിച്ചത് "ശ്രീഹരി S/o late ശ്രീകുമാർ." പിന്നീടെപ്പോഴോ ആണ് അറിഞ്ഞത് അവൻ ജീവിതത്തിൽ ഒരിക്കൽ പോലും അച്ഛനെ കണ്ടിരുന്നില്ല എന്ന്. അങ്ങനെ ഒരു നാൾ മാഷ് അവനോട് ചോദിച്ചു; "നീ ഒരിക്കൽ പോലും കാണാത്ത അച്ഛൻ എങ്ങനെ നിന്റെ റോൾ മോഡൽ ആയി എന്ന്?" അതിനുള്ള അവന്റെ ഉത്തരം ഇതായിരുന്നു;

"അച്ഛനെ വികാരമാണ് സത്യത്തിൽ എന്റെ റോൾ മോഡൽ. അമ്മ പറഞ്ഞുതന്ന് ഞാൻ അറിഞ്ഞ അച്ഛൻ നന്മയെ വികാരമായിരുന്നു. അതിലുപരി, അച്ഛനുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ എനിക്ക് ജീവിതത്തിൽ യാതൊരു ബുദ്ധിമുട്ടും നേരിടേണ്ടി വരില്ലായിരുന്നു... മറ്റുള്ളവരെ പോലെ എല്ലാം ചെയ്തു തരാൻ എനിക്കെന്റെ അച്ഛനില്ലെ തിരിച്ചറിവാണ് ജീവിതത്തിൽ എന്നെ ഞാനാക്കിയത്. ഇതിലും വലിയ ആരുണ്ട് എനിക്ക് റോൾ മോഡൽ ആക്കാൻ?"

കഠിനദ്ധ്വാനം ഒന്നുമാത്രമാണ് വിജയത്തിലേയ്ക്കുള്ള കുറുക്കുവഴി. അതിന് അവശ്യം വേണം 'ഇൻക്രീടിയന്റ്' സ്ഥിരോത്സാഹം. ചുരുക്കത്തിൽ, കർത്താവ് നീതിരഹിതനായ ന്യായാധിപന്റെയും നീതിക്ക് വേണ്ടി കൊതിക്കുന്ന വിധവയുടെയും ഉപമ പറയുന്നത് സ്ഥിരോത്സാഹത്തോടെ എപ്പോഴും പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. പ്രാർത്ഥനയേക്കാൾ വലിയ ആയുദ്ധമില്ലായെന്നും, ഒപ്പം, കാത്തിരുപ്പിനേക്കാൾ വലിയ ഔഷദമില്ലായെന്നും ഓർമ്മപ്പെടുത്തുന്നതിന് വേണ്ടികൂടെയാണ്.

കഷ്ടതകളുടെ സാഹചര്യത്തിൽ മടുപ്പില്ലാതെ പിടിച്ച് നിൽക്കാൻ വിധവയെ സഹായിച്ചത് അവളുടെ മടുപ്പില്ലാത്ത പ്രാർത്ഥനയാണ്!

ഒരിക്കൽ ഒരു പക്ഷി തേനീച്ചയോട് ചോദിച്ചു;

"നീ എത്ര ബുദ്ധിമുട്ടിയാണ് തേൻ ഉണ്ടാക്കുന്നത്. ആളുകൾ അതിനെ എടുത്തുകൊണ്ട് പോകുമ്പോൾ നിനക്ക് വിഷമം തോന്നാറില്ലെ?"

തേനീച്ച പറഞ്ഞു;

"ഇല്ല... കാരണം, അവർക്ക് തേൻ എടുക്കാൻ പറ്റും. പക്ഷെ, തേൻ ഉണ്ടാക്കുന്ന എന്റെ കഴിവിനെ അവർക്ക് എടുത്തുകൊണ്ടു പോവാൻ കഴിയില്ലല്ലോ?"

ഇതൊരു ബോദ്ധ്യമാകണം, ഭൗതീകമായി ഞാൻ ഉണ്ടാക്കുന്നതെല്ലാം, സ്വന്തമാക്കുന്നതെല്ലാം ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും എടുത്ത് കൊണ്ടുപോകാം. എന്നാൽ, ആത്മീയമായി സ്വന്തമാക്കുന്നതൊന്നും ആർക്കും ഒരിക്കലും എടുത്തുകൊണ്ട് പോകാൻ സാധിക്കില്ല. നീതിരഹിതനും ദൈവത്തെ ഭയപ്പെടുകയോ ചെയ്യാത്ത ന്യായാധിപന്റെ മുമ്പിൽ വിധവ വന്ന് കൈകൾ കൂപ്പുന്നത് "എതിരാളിക്കെതിരേ എനിക്കു നീതി നടത്തിത്തരണമേ എന്നപേക്ഷിക്കുന്നതിന്" വേണ്ടിയാണ്. പലപ്പോഴും, നമ്മുടെ പ്രാർത്ഥനയുടെ വിഷയമാകാത്ത ഒന്നാണ് ഇത്. ഭൗതീകമായ സമ്പ്, സുഖസൗകര്യങ്ങൾ, നേട്ടങ്ങൾ... ഇവയൊക്കെയാണ് നമ്മുടെ പ്രാർത്ഥനയുടെ വിഷയങ്ങൾ. പ്രാർത്ഥനയിൽ ചോദിക്കേണ്ടത് ചോദിക്കാതെ ചോദിക്കാൻ പാടില്ലാത്തതാണ് ചോദിക്കുന്നത്. അതുതന്നെയാണ്, പല പ്രാർത്ഥനകൾക്കും കാലവിളംബം സംഭവിക്കുന്നത്.

***"നിങ്ങൾ വചനം കേൾക്കുക മാത്രംചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ. ."***

യാക്കോബ് 1,22

ഫാ. ജോബി മേനോത്ത്
+91 9447777931